(എ) 1996-97, 1997-98, 1998-99, 1999-2000, 2000-01, 2001-02 എന്നീ സാമ്പത്തിക വർഷങ്ങളിൽ അച്ചടിവകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് ഓവർടൈം വേജസ് ഇനത്തിൽ എന്തു തുക വീതം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2002-03 സാമ്പത്തികവർഷം എന്തു തുക നൽകാനുണ്ട്;

(സി) ഓവർടൈം വേജസ് കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഓവർടൈം വേജസ് കുറച്ച് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ)

1996-97	3,42,99,355	രൂപ
1997-98	3,45,59,650	,,
1998-99	3,00,50,395	,,
1999-2000	4,44,14,466	,,
2000-01	3,32,27,377	,,
2001-02	92,16,292	,,

നൽകിയിട്ടുണ്ട്.

(ബി) 2002-03 സാമ്പത്തിക വർഷത്തിൽ 1,12,73,116 രൂപ നൽകാനുണ്ട്. 2001-02 വർഷത്തെ കുടിശ്ശികയായി 3,82,411 രൂപ നൽകാനുണ്ട്.

(സി) ഓവർടൈം വേജസ് കുറയ്ക്കുന്നതിന്റെ ഭാഗമായി ആധുനികവൽക്കരണം ത്വരിതപ്പെടുത്തുവാനും വാഴൂർ ഗവ. പ്രസ്സിൽ രണ്ടാമത് ഒരു ഷിഫ്റ്റ് തുടങ്ങുന്നതിനും തിരുവനന്തപുരം ഗവ. സെൻട്രൽ പ്രസ്സിൽ മൂന്നാമതൊരു ഷിഫ്റ്റ് ഏർപ്പെടുത്തുവാനും നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

എറണാകുളത്തെ സർക്കാർ പ്രസ്സിലേയ്ക്ക് പുതിയ അച്ചടി യന്ത്രങ്ങൾ

137 [3284] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്തെ സർക്കാർ പ്രസ്സിലേയ്ക്ക് ഈ വർഷം പുതിയ അച്ചടി യന്ത്രങ്ങൾ വാങ്ങിയിരുന്നുവോ;

(ബി) വാങ്ങിയെങ്കിൽ ഏത് കമ്പനിയിൽനിന്നാണ് വാങ്ങിയത്;

(സി) ഈ യന്ത്രം വാങ്ങുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് അപേക്ഷ ലഭിച്ചിരുന്നുവോ;

(ഡി) ഇതുസംബന്ധിച്ച് അച്ചടിവകുപ്പ് ഡയറക്ടർ എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിരുന്നുവോ;

(ഇ) സമർപ്പിച്ചിരുന്നു എങ്കിൽ അതിൻമേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വാങ്ങിയിരുന്നു.

(ബി) കളമശ്ശേരിയിലുള്ള എച്ച്.എം.ടി.യിൽ നിന്നുമാണ് വാങ്ങിയത്.

(സി) ലഭിച്ചിരുന്നു.

(ഡി—ഇ) അച്ചടിവകുപ്പ് ഡയറക്ടർ കൺവീനറായുള്ള പർച്ചേസ് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് അച്ചടി യന്ത്രം വാങ്ങിയത്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

(താഴെകാണുന്ന നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭിച്ചിട്ടില്ല. 3138, 3152, 3156, 3163, 3186, 3197, 3198, 3221, 3224)

LIBRARY ARCHIVES Kerala Legislative Assembly